(ഡി) മാവേലി സ്റ്റോറുകളിൽനിന്നും സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡുകൾ നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിൽനിന്നും, ലാഭം മാർക്കറ്റുകളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 500 രൂപയിൽ കൂടുതൽ വാങ്ങുന്നവർക്ക് സൗജന്യമായും, മറ്റുള്ള ഉപഭോക്താക്കൾക്ക് ഒന്നിന് 5 രൂപ നിരക്കിലും, പ്രിവിലേജ് കാർഡുകൾ നൽകി വരുന്നുണ്ട്. ഈ പ്രിവിലേജ് കാർഡുകളുടെ അടിസ്ഥാനത്തിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നവർക്ക് ബിൽ തുകയുടെ 2% വിലകിഴിവും അനുവദിച്ചിട്ടുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി

54 [368] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ചേലക്കര മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) 6 എണ്ണം.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അനുയോജ്യമായ കെട്ടിടങ്ങൾ പഞ്ചായത്തധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് ചേലക്കര മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഴഞ്ഞാൽ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കുവാൻ സാധിക്കും.

പേരാമ്പ്ര മണ്ഡലത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള കാലതാമസം

55 [369] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ മുളിയങ്ങലിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly